(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പട്ടയരേഖകൾ ലഭിച്ചിട്ടും മിച്ചഭൂമി കൈവശം ലഭിക്കാത്ത ഭൂരഹിത കർഷകത്തൊഴിലാളികൾ

1 [5664] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, രാജു എബ്രഹാം:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ രേഖകൾ ലഭിച്ചിട്ടും അളന്നു തിട്ടപ്പെടുത്തിക്കൊടുക്കാത്തതുമൂലം വിതരണം ചെയ്യപ്പെട്ട മിച്ചഭൂമി കൈവശം ലഭിക്കാത്ത ഭൂരഹിത കർഷകത്തൊഴിലാളികൾ ഉള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയരേഖ അനുസരിച്ചുള്ള ഭൂമി ഇവർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭൂമി അളന്ന് തിരിച്ച് കൈവശം നൽകുന്ന നടപടി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഭൂവുടമകളിൽ നിന്ന് സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് അവശേഷിച്ചിട്ടുള്ള ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പട്ടയം കിട്ടിയിട്ടും കൈവശം ലഭിക്കാത്ത ഭൂമിയുടെ ഭൂനികുതി ഈ കർഷകതൊഴിലാളികളിൽ നിന്നും പിരിക്കുന്നത് ഭൂമി കൈവശം നൽകുന്നതുവരെ നിർത്തിവയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(സി) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ അവശേഷിച്ചിട്ടുള്ള വിതരണ യോഗ്യമായ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല		വിസ്തീർണ്ണം (ഏക്കർ)
കാസർഗോഡ്	..	84
കണ്ണൂർ	..	849
വയനാട്	..	31
കോഴിക്കോട്	..	515
മലപ്പുറം	..	96
പാലക്കാട്	..	716

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	..	119
എറണാകുളം	..	10
ഇടുക്കി	..	57
കോട്ടയം	..	69
ആലപ്പുഴ	..	165
പത്തനംതിട്ട	..	21
കൊല്ലം	..	21
തിരുവനന്തപുരം	..	21
ആകെ	..	2774 ഏക്കർ

(ഡി) പട്ടയ ഭൂമിക്ക് ഭൂവുടമ/ ഭൂമി പതിവ് ലഭിച്ചയാൾ നിയമമനുസരിച്ച് നികുതി അടയ്ക്കേണ്ടതാണ്. പട്ടയ ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈവശക്കാർക്ക് നൽകുന്ന നടപടി ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

റവന്യൂ ടവറുകളുടെ നിർമ്മാണം

2 [5675] ശ്രീ. രാജു എബ്രഹാം:
,, പി. ജയരാജൻ:
,, എ. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ റവന്യൂ ടവറുകളുടെ പണി പൂർത്തിയായിട്ടുണ്ട്; ഏതൊക്കെ റവന്യൂടവറുകൾ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കായി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്;

(സി) ഏതൊക്കെ റവന്യൂ ടവറുകളാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നത്; ഓരോന്നിന്റെയും നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ഡി) റവന്യൂ ടവറിന്റെ വാടക ഇനത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് കഴിഞ്ഞ വർഷം എന്തുതുക ലഭിച്ചു; നടപ്പുവർഷം എന്തുതുക പ്രതീക്ഷിക്കുന്നതായി വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 9 റവന്യൂ ടവറുകൾ നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിൽ 6 റവന്യൂ ടവറുകളുടെ പ്രവർത്തനം ആരംഭിച്ചു. മറ്റു റവന്യൂ ടവറുകളുടെ നിർമ്മാണം ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കുകയുണ്ടായി. ആറ്റിങ്ങൽ, കാഞ്ഞിരപ്പള്ളി, മാനന്തവാടി, തൊടുപുഴ, കാസർഗോഡ്, റാന്നി എന്നീ താലൂക്കുകളിൽ റവന്യൂ ടവർ പദ്ധതികൾ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly